**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിന്റെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിനു കീഴിലുള്ള ഭവനനിർമ്മാണ ബോർഡിന് അതിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ പ്രതിമാസം ലഭിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ; ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (എ) | ഭവനനിർമ്മാണ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ പ്രതിമാസം ലഭിക്കേണ്ട തുക 2,22,43,391/- രൂപയാണ്. എന്നാൽ പ്രസ്തുത തുക പൂർണ്ണമായും ലഭിക്കാറില്ല. 2024 സെപ്റ്റംബർ മാസത്തിൽ വാടകയിനത്തിൽ 1,23,90,811/- രൂപ മാത്രമാണ് ലഭിച്ചത്. കുടിശ്ശിക വരുത്തിയവർക്ക് നിയമാനുസൃത നോട്ടീസുകൾ നൽകുക, നേരിൽ കണ്ട് തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകുക, എവിക്ഷൻ നടപടികൾ കൈക്കൊള്ളുക എന്നീ നടപടികൾ വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ചു വരുന്നു. എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തുകയും ചെയ്യുന്നു. |
| (ബി) | വാടകക്ക് നൽകുന്നതിനായി പുതിയ കെട്ടിടസമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവു വന്ന തുകയെന്തെന്നും നിലവിലുള്ള കെട്ടിടങ്ങളിൽ ഇനിയും മുറികൾ വാടകക്ക് നൽകുന്നതിന് ശേഷിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം പട്ടത്ത് 2.5 കോടി രൂപ ചെലവഴിച്ച് എം. എൻ സ്മാരക വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5.26 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പി.റ്റി ചാക്കോ നഗർ കമേർഷ്യൽ കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിക്കുന്നു. എം. എൻ സ്മാരക വാണിജ്യ സമുച്ചയത്തിൽ 3 കടമുറികൾ വാടകയ്ക്ക് നൽകുവാനുണ്ട്. ഒഴിവ് വരുന്ന സ്ഥലങ്ങൾ ലേലത്തിലൂടെ വാടയ്ക്ക നൽകുന്നതിനുള്ള നടപടികൾ എല്ലാ മാസവും ബോർഡ് സ്വീകരിച്ചു വരുന്നു. |
| (സി) | നഗരത്തിലെ പ്രധാന സ്ഥലങ്ങളിൽ കെട്ടിടങ്ങളുണ്ടായിട്ടും ഇപ്രകാരം മുറികൾ ഒഴിഞ്ഞു കിടക്കാനുണ്ടായ സാഹചര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇത് വഴി എത്ര തുകയാണ് ബോർഡിന് നഷ്ടപ്പെടുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; കാരണങ്ങൾ വിലയിരുത്തി പരിഹരിച്ച് ഒഴിവുള്ള | (സി) | ബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ മുറികൾ ഒഴിഞ്ഞ് കിടക്കുന്നതുമൂലം ബോർഡിന് വാടക വരുമാനത്തിൽ പ്രതിമാസം 51. 62 ലക്ഷം രൂപയുടെ കുറവ് വരുന്നുണ്ട്. ബോർഡിന്റെ കെട്ടിടങ്ങളെല്ലാം കാലപ്പഴക്കം മൂലം പലതും മെയിന്റനൻസ് ജോലികൾ ചെയ്യേണ്ടതായിട്ടും ലിഫ്റ്റ് മുതലായ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | മുറികൾ വാടകക്കു നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | | പോരായ്മകളാണ് വാടകക്കാരെ ആകർഷിക്കുന്നതിനു തടസ്സമായിട്ടുള്ളത്. ബോർഡിനു ലഭിക്കുവാനുള്ള വാടക കുടിശ്ശിക പിരിച്ചെടുത്തുകൊണ്ട് മേൽപ്പറഞ്ഞ പോരായ്മകൾ പരിഹരിച്ച് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ